LIBRARY ARCHIVES Kerala Legislative Assembly

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനും രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠനം നടത്തി വരുന്നു. രേഖകൾ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനമായ കോംപാക്ടറുകൾ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 43 ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിലും പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ

299 (2029) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ?

സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുള്ള സംവിധാനം

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം

3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ

4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

8. ഒരു ജില്ലയ്ക്കുള്ളിലുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ' Anywhere Registration' സംവിധാനം.

(ബി) പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്നതിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കുള്ള സന്ദർശനം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമോ; ഇതിനായി പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അറിയിക്കാമോ?

പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിലൂടെ ആധാര രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കുള്ള സന്ദർശനം നിയമപ്രകാരം ഒഴിവാക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി ഹെൽപ്പ ഡെസ്ക് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് വടകര താലൂക്കുതലത്തിലെ വിവരങ്ങൾ ലഭ്യമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ ഹെൽപ്പ് ഡെസ്ക് നിലവിലുണ്ട്. താലൂക്കുതലത്തിൽ ഹെൽപ്പ് ഡെസ്ക് നിലവിലില്ല.

(ഡി) സംസ്ഥാനത്തൊട്ടാകെ എത്ര ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ വരുത്തിയ ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിൽ ഒരു ക്രമീകരണവും ഏർപ്പെടുത്തിയിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ

300 (2030) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

രജിസ്ട്രേഷൻ വകുപ്പിലെ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യം.
2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.
3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുമുള്ള സംവിധാനം.
4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജോഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള സംവിധാനം.
5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.
6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

LIBRARY ARCHIVES Kerala Legislative Assembly